എം. ബി. എ. കോഴ്സുകൾ

* 492 [524] ശ്രീ. നാലകത്തു സൂപ്പി:
,, പി. കെ. കുഞ്ഞാലിക്കുട്ടി:
,, പി. കെ. കെ. ബാവ:
,, കെ. പി. എ. മജീദ്:
,, ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

(എ) കേരളാ, ഗാന്ധിജി, കാലിക്കട്ട്, കൊച്ചിൻ എന്നീ സർവ്വകലാശാലകളും നടത്തുന്ന ഫുൾടൈം, പാർട്ട്ടൈം എം. ബി. എ. കോഴ്സുകളിൽ ആകെ എത്ര സീറ്റ് വീതമാണുള്ളത്;

(ബി) ഈ കോഴ്സുകളിൽ പ്രവേശനത്തിന് തെരഞ്ഞെടുപ്പ് നടത്തുമ്പോൾ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും, പിന്നോക്ക സമുദായാംഗങ്ങൾക്കും സംവരണം നൽകുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഓരോ കോഴ്സിനും പട്ടികജാതി-പട്ടിക വർഗ്ഗം, മുസ്ലീം, ഈഴവ തുടങ്ങിയ വിഭാഗങ്ങൾക്ക് എത്ര സീറ്റു വീതം നീക്കി വച്ചിട്ടുണ്ട്;

(ഡി) ഇല്ലെങ്കിൽ 1986-ലെ അഡ്മിഷൻ മുതലെങ്കിലും വിദ്യാഭ്യാസയോഗ്യതകളിൽ ആവശ്യമായ ഇളവ് വരുത്തി സംവരണ തത്വം കർശനമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) കൊച്ചി സർവ്വകലാശാല:
ഫുൾടൈം .. 33
പാർട്ട്ടൈം .. 30
കോഴിക്കോട് സർവ്വകലാശാല:
ഫുൾടൈം .. 15
പാർട്ട്ടൈം .. ഇല്ല
കേരള സർവ്വകലാശാല:
ഫുൾടൈം .. 15
പാർട്ട്ടൈം .. ഇല്ല
ഗാന്ധിജി സർവ്വകലാശാല .. കോഴ്സ് നടത്തുന്നില്ല

(ബി) ഉണ്ട്.

(സി) കൊച്ചി സർവ്വകലാശാല:
പട്ടികജാതി .. 8%
പട്ടികവർഗ്ഗം .. 2%
ഈഴവർ .. 9%
മുസ്ലീം .. 8%
ലാറ്റിൻ കത്തോലിക്കർ .. 2%
ഒ. ബി. സി. .. 1%
മറ്റു പിന്നോക്ക ഹിന്ദുക്കൾ .. 5%

കേരള സർവ്വകലാശാലയും, കോഴിക്കോട് സർവ്വകലാശാലയും സംവരണം അനുവദിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. നാലകത്ത് സൂപ്പി: ഈ കോഴ്സ് ധാരാളം തൊഴിൽ സാദ്ധ്യതയുള്ള ഒരു കോഴ്സാണ് എന്നുള്ളത് പരിഗണിച്ചുകൊണ്ട് ഇതിന്റെ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: അത് യൂണിവേഴ്സിറ്റി പരിഗണിക്കേണ്ടതാണ്. ഗവൺമെന്റിനു ലഭിച്ച വിവരമനുസരിച്ച് യൂണിവേഴ്സിറ്റികൾ പരിഗണിച്ചുവരുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്.

ശ്രീ. നാലകത്ത് സൂപ്പി: ഇപ്പോൾ ഈ കോഴ്സ് അധികവും യൂണിവേഴ്സിറ്റി കാമ്പസ്സുകളിൽ വച്ചാണ് നടത്തുന്നത്. അതിന് ബദലായി തെരഞ്ഞെടുക്കപ്പെട്ട ചില കോളേജുകളിൽ ഈ കോഴ്സുകൾ അനുവദിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ടി. എം. ജേക്കബ്: കൊച്ചിൻ സർവ്വകലാശാലയും, കാലിക്കട്ട് സർവ്വകലാശാലയും അവരുടെ കാമ്പസ്സിലാണ് നടത്തുന്നത്. പക്ഷെ കേരള യൂണിവേഴ്സിറ്റി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലാണ് നടത്തുന്നത്. മറ്റു കോളേജുകളിൽ വ്യാപിപ്പിക്കുന്നതിന് സാങ്കേതികമായ തടസ്സമില്ല. എന്തായാലും ഈ അഭിപ്രായം പരിഗണിക്കുന്നതാണ്.

ശ്രീ. പി. കെ. കെ. ബാവ: ഈ കോഴ്സുകൾ പൂർത്തിയാക്കിയിട്ടുള്ള ആളുകളുടെ സേവനം ഗവൺമെന്റിനുതന്നെ പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: എം. ബി. എ. പാസ്സാകുന്ന ആളുകൾക്ക്, വളരെയേറെ തൊഴിൽസാദ്ധ്യതയുള്ളതുകൊണ്ട് അവർക്ക് മറ്റു നിലയിൽ തൊഴിൽ കിട്ടുന്നുണ്ട്. അവരുടെ സേവനം ഗവൺമെന്റിനും ലഭ്യമാകുന്നുണ്ട്.

ശ്രീ. പി. കെ. കെ. ബാവ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ ചിലയിടങ്ങളിൽ സംവരണതത്വം പാലിക്കുന്നില്ലായെന്ന് പറയുകയുണ്ടായി. അവിടെക്കൂടി സംവരണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: അങ്ങനെയല്ല ഞാൻ പറഞ്ഞത്. കൊച്ചിൻ സർവ്വകലാശാലയിലെ സ്റ്റിപ്പന്റ് പറഞ്ഞുവെന്നു മാത്രമേയുള്ളു. കേരള സർവ്വകലാശാലയിലും, കോഴിക്കോട് സർവ്വകലാശാലയിലും അതേ സംവരണതത്വം തന്നെ പാലിക്കുന്നുണ്ട്.

ശ്രീ. കെ. പി. എ. മജീദ്: കോഴിക്കോട് സർവ്വകലാശാലയിൽ എം. ബി. എ. കോഴ്സുകൾക്ക് പ്രത്യേകമായി ഒരു എൻട്രൻസ് എക്സാമിനേഷൻ നടത്തിയാണ് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. മറ്റു സർവ്വകലാശാലകളിൽ അങ്ങനെയല്ല. അതുകൊണ്ട് കോമണായി എൻട്രൻസ് എക്സാമിനേഷൻ നടത്തി വിദ്യാർത്ഥികളെ തെരഞ്ഞെടുക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: കൂടുതൽ വിദ്യാർത്ഥികൾ ഹാജരാകുന്ന എഞ്ചിനീയറിംഗ് കോളേജുകളിലേക്കും, മെഡിക്കൽ കോളേജുകളിലേക്കുമുള്ള പ്രൊഫഷണൽ കോഴ്സുകൾക്കും മറ്റുമാണ് ഇത് നടത്തുന്നത്. ഈ പ്രാവശ്യംമുതൽ ലാ കോളേജിലേക്കും എൻട്രൻസ് പരീക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് വളരെ ലിമിറ്റഡ് നമ്പർ മാത്രം അഡ്മിറ്റ് ചെയ്യുന്ന ഒരു കോഴ്സാണ്. അതുകൊണ്ട് കോമണായി എൻട്രൻസ് എക്സാമിനേഷന്റെ ആവശ്യം ഉയർന്നുവന്നിട്ടില്ല. ഇത് നടത്തുന്നത് ബുദ്ധിമുട്ടുള്ള കാര്യമല്ല.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ബഹുമാനപ്പെട്ട മന്ത്രി ഇതിലെ സംവരണതോതിനെക്കുറിച്ച് പറഞ്ഞു. ഇതിലെ ജോലിസാദ്ധ്യത കണക്കിലെടുത്തുകൊണ്ട് ഈ സംവരണതോത് ഉയർത്തുന്ന കാര്യം ഗവൺമെന്റ് സദയം പരിഗണിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ഇത് പ്രത്യേകം പരിശോധിക്കേണ്ട വിഷയമാണ്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഈ കോഴ്സിന് പ്രൈവറ്റ് കാൻഡിഡേറ്റായിട്ട് പരീക്ഷക്കിരിക്കുന്ന ആളുകൾക്ക് വല്ല സംവിധാനവും ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: ഇപ്പോൾ അതില്ല. പക്ഷെ ഓപ്പൺ സർവ്വകലാശാല വരുമ്പോൾ ഈ സർവ്വകലാശാലയ്ക്ക് എം. ബി. എ. കോഴ്സുകൾ നടത്താൻ, കഴിയുന്നതാണ്. ഇപ്പോൾ ഡൽഹിയിൽ സ്ഥാപിച്ചിരിക്കുന്ന ഓപ്പൺ സർവ്വകലാശാല ഈ കോഴ്സ് നടത്തി വരുന്നുണ്ട്.

ശ്രീ. ടി. വി. വിജയരാജൻ: ഏതാണ്ട് എഴുപതു ലക്ഷത്തിലധികം വരുന്ന ഈഴവ സമുദായത്തിന് ഒമ്പതു സീറ്റുകളാണ് ഇപ്പോഴുള്ളത്. ജനസംഖ്യയ്ക്ക് ആനുപാതികമായി ഈ സീറ്റ് വർദ്ധിപ്പിക്കാൻവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: അതിനകത്ത് ജാതി തിരിച്ചുള്ള കണക്കിൽ ഏറ്റവും കൂടുതൽ റിസർവ്വേഷൻ ഇപ്പോൾ കിട്ടുന്നത് ഈഴവർക്കാണ്. അതിന്റെ തോത് ഉയർത്താൻ കഴിയുമോ എന്നുള്ളത് പ്രത്യേകമായിട്ട് പരിശോധിക്കേണ്ട കാര്യമാണ്.

ശ്രീ. ഇ. പത്മനാഭൻ: ഇപ്പോൾ യൂണിവേഴ്സിറ്റികളിൽ മാത്രം നടത്തുന്ന എം. ബി. എ. കോഴ്സ് പരിമിതമാണ്. ഇപ്പോൾ ഒരു വർഷത്തിൽ ഏകദേശം നൂറിൽ താഴെ ആളുകൾക്കു മാത്രമേ ഈ ഡിഗ്രിക്ക് സൗകര്യമുള്ളൂ. ഇതിന് പകരമായി യൂണിവേഴ്സിറ്റിയുടെ കീഴിൽ എം. ബി. എ.യ്ക്ക് പ്രത്യേക ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിച്ച് ഈ കോഴ്സ് ആരംഭിക്കുന്നതിന് യൂണിവേഴ്സിറ്റിക്ക് പ്രത്യേകം നിർദ്ദേശം കൊടുക്കുമോ?

ശ്രീ. ടി. എം ജേക്കബ്: ആ കാര്യം പരിശോധിക്കുന്നതാണ്.

Shri Stephen Padua: Will the Minister be pleased to consider granting reservation of at least one seat to the Anglo Indian Community for the M. B. A. Course in these Universities?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: ഇപ്പോഴത്തെ നിലവിലിരിക്കുന്ന സംവരണ തത്വമാണ് ഞാൻ സൂചിപ്പിച്ചത്. ഇതിനകത്ത് ഒ. ബി. സി. എന്നു പറയുന്ന വിഭാഗത്തിന് 1% കൊടുത്തിട്ടുണ്ട്. അത് ദേഹം ചോദിച്ചത് ആംഗ്ലോ ഇൻഡ്യൻസിനുവേണ്ടിക്കൂടി റിസർവ്വേഷൻ ഏർപ്പെടുത്താൻ കഴിയുമോ എന്നുള്ളതാണ്. ഇപ്പോഴത്തെ അതിന് കൃത്യമായിട്ട് ഒരു മറുപടി പറയാൻ കഴിയുകയില്ല. അത് പരിശോധിക്കുന്നതാണ്.

ദേശീയപാത നിർമ്മാണം

*493 [525] ശ്രീ. കെ. ജെ. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാത നിർമ്മാണത്തിന് 1986-87 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയുടെ പണികളാണ് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പണികൾ ടെൻഡർ വിളിച്ച് കൊടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ, പണികൾ തുടങ്ങാതിരിക്കുന്നതിന് എന്തെങ്കിലും കാരണം ഉണ്ടോ;

(ഡി) ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ഇ) 1985-86 സാമ്പത്തിക വർഷത്തിൽ എത്ര സംഖ്യ ദേശീയപാത നിർമ്മാണത്തിന് ചെലവായി എന്ന് വ്യക്തമാക്കാമോ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ):

(എ) 1986-87 സാമ്പത്തിക വർഷത്തിൽ 1,44,19,913 രൂപയുടെ പതിമൂന്നു പുതിയ പണികൾക്ക് കേന്ദ്ര സർക്കാരിൽനിന്നു അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) ഈ പണികളിൽ രണ്ടെണ്ണം ടെണ്ടർ വിളിച്ചുകൊടുത്തിട്ടുണ്ട്.

(സി) ഇതിൽ ഒരെണ്ണത്തിന്റെ പണി തുടങ്ങിക്കഴിഞ്ഞു. രണ്ടാമത്തേതിന്റെ പണി തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിവരുന്നതേയുള്ളു.

(ഡി) നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസമേയുള്ളു.

(ഇ) ദേശീയപാതകൾക്കായി മൊത്തത്തിൽ 10,88,71,883 രൂപ ചെലവായി. ഇതിൽ 7,78,42,393 രൂപ റോഡുനിർമ്മാണത്തിനും, 3,10,28,490 രൂപ അറകുറ്റപ്പണികൾക്കുമാണ്.

ശ്രീ. കെ. ജെ. ജോർജ്: കഴിഞ്ഞ വർഷം ഏതാണ്ട് പത്തുകോടി രൂപ ചെലവാക്കിയെന്നുപറഞ്ഞു, പക്ഷേ 1986-87 സാമ്പത്തിക വർഷത്തിൽ വെറും ഒന്നരക്കോടി രൂപയുടെ കാര്യം മാത്രമാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഇത്രയും കുറവ് സംഖ്യ ഈ വർഷത്തെ പ്രവൃത്തിയിലേക്ക് വയ്ക്കാനുണ്ടായ കാരണമെന്താണ്? വേണ്ടത്ര സമ്മർദ്ദം ചെലുത്തി കേന്ദ്ര ഗവൺമെന്റിൽനിന്നും ഈ സംഖ്യ കൂട്ടിവാങ്ങുന്നതിനുള്ള പരിശ്രമം ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly